**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1279** — **21.03.2013 - ൽ മറുപടിക്ക്**

## കോർ റോഡ് നെറ്റ് വർക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, ലൂഡി ലൂയിസ്<br>,, പി. എ. മാധവൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോർ റോഡ് നെറ്റ് വർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(ബി) റോഡ് വികസനം ലക്ഷ്യമിട്ട് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;<br><br>(സി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) (ബി) & (സി) പൊതു മരാമത്ത് വകുപ്പിന്റെ കീഴിലുള്ള 33000 കി.മീ. റോഡുകളും ഇപ്പോൾ പഞ്ചായത്തുകളിൽ നിന്ന് ഏറ്റെടുത്ത 8500 കി.മീ. റോഡുകളെക്കുറിച്ചും പഠനം നടത്തി ഏതൊക്കെ റോഡുകളാണ് ഓരോ ഘട്ടത്തിലും വികസിപ്പിക്കേണ്ടത് എന്നു കണ്ടെത്തുകയാണ് റോഡ് നെറ്റ്‌വർക്ക് സ്റ്റഡിയുടെ ഉദ്ദേശം. സംസ്ഥാനത്തിന് കൂടുതൽ വളർച്ചയ്ക്ക് ഉതകുന്നതും, കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതും മാനദണ്ഡമായി വച്ചാണ് ഓരോ റോഡ് സെക്ഷനും കണ്ടെത്തുന്നത്. പൊതു മരാമത്ത് വകുപ്പിന്റെയും, കെ.എസ്. റ്റി.പി., റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ എന്നീ റോഡ് ഏജൻസികളുടെ ഭാഗഭാഗിത്വം അവലോകനം ചെയ്യുന്നതിനും ഇതനുസരിച്ച് ഈ റോഡുകൾ ഭാവിയിൽ പുനരുദ്ധരിക്കുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനുമുള്ള പണം കണ്ടെത്താനും, അതിനനുസരിച്ച് റോഡു നെറ്റ്‌വർക്കുകൾ പ്ലാൻ ചെയ്യാനും ഈ സ്റ്റഡി ഉപകരിക്കുന്നതാണ്. |

Salitha

സെക്ഷൻ ഓഫീസർ